പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5982

28-10-2011-ൽ മറുപടിയ്ക്ക്

## ദേശീയ ഫിഷറീസ് ഡവലപ്മെൻറ് ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ. കെ.അച്ചുതൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ദേശീയ ഫിഷറീസ് ഡവലപ്മെൻറ് ബോർഡിൻെറ സഹായത്തോടെ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിവരുന്നത് ; | എ) മത്സ്യ മാർക്കറ്റ് നിർമ്മാണം, മത്സ്യ ബന്ധന തുറമുഖങ്ങൾ, അലങ്കാര മത്സ്യ കൃഷി, അലങ്കാര മത്സ്യ കൃഷിയിൽ പരിശീലനം, റിസർവോയറിൽ മത്സ്യ കൃഷി, മത്സ്യ മേള, അക്വാഷോ, മത്സ്യഫെഡ് സർക്കാർ ഗ്യാരൻറിക്ക് വിധേയമായി വായ്പ സ്വീകരിച്ച് കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു വല നിർമ്മാണ പദ്ധതി മുതലായവയാണ് ദേശീയ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡിൻെറ സഹായത്തോടെ നടപ്പാക്കി വരുന്നത്. ദേശീയ ഫിഷറീസ് ഡവലപ്മെൻറ് ബോർഡിൽ നിന്നും സർക്കാർ ഗ്യാരൻറിയ്ക്ക് വിധേയമായി വായ്പ സ്വീകരിച്ച് മത്സ്യഫെഡ് വഴി കണ്ണൂർ ആസ്ഥാനമായി ഒരു വല നിർമ്മാണ പദ്ധതി ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. |
| ബി) പുതിയ ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; വിശദമാക്കുമോ ; | ബി) സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വൃത്തിയും മാലിന്യ സംസ്കരണ സംവിധാനങ്ങളും ഉൾപ്പെടെയുള്ളവയാക്കുന്നതിനുള്ള പദ്ധതി വികസിപ്പിച്ചിട്ടുള്ളതും ടി പദ്ധതി പ്രകാരം ദേശീയ മത്സ്യ വികസന ബോർഡിൻെറ ധനസഹായത്തോട് കൂടി പറവൂർ, ആലുവ, പത്തനംതിട്ട, തിരുവനന്തപുരം-പാങ്ങോട്, എറണാകുളം-ബ്രോഡ്വേ, മൂവാറ്റുപുഴ, എന്നീ സ്ഥലങ്ങളിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻെറ സഹായത്തോട് കൂടി മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. കൂടാതെ വൈക്കം, ഏറ്റുമാനൂർ എന്നീ സ്ഥലങ്ങളിൽ മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതുമാണ്. |

| | |
|---|---|
| സി) എത്ര മത്സ്യമാർക്കറ്റുകളാണ് പുതുതായി സ്ഥാപിക്കാനുദ്ദേശി ക്കുന്നത് ; | സി) വൈക്കം, ഏറ്റുമാനൂർ എന്നീ സ്ഥലങ്ങളിൽ മത്സ്യ മാർക്കറ്റുകൾ . സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ച് വരുകയാണ്. |
| ഡി) ഇങ്ങനെ സ്ഥാപിക്കുന്ന മത്സ്യമാർക്കറ്റുകളിൽ മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ കൂടി സ്വീകരിക്കുമോ ? | ഡി) സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ